# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 3117 15.02.2013 ൽ മറുപടിക്ക്

**വെച്ചൂർ മോഡേൺ റൈസ്മില്ലിന്റെ അരി ഉല്പാദനം**

| ചോദ്യം<br>ശ്രീ. കെ.അജിത് | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
|---|---|
| (എ) സർക്കാർ സംരംഭമായ വെച്ചൂർ മോഡേൺ റൈസ് മിൽ ഇതുവരെ എത്ര ടൺ നെല്ല് സംസ്കരിച്ച് എത്ര ടൺ അരി ഉത്പാദിപ്പിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) വെച്ചൂർ മോഡേൺ റൈസ് മില്ലിൽ ഇതു വരെ 2335 ടൺ നെല്ല് സംസ്കരിച്ച് 1450 ടൺ അരി ഉത്പാദിപ്പിച്ചിട്ടുണ്ട്. |
| (ബി) മോഡേൺ റൈസ് മില്ലിലേയ്ക്ക് ആവശ്യമായ നെല്ല് എവിടെ നിന്നൊക്കെ സംഭരിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) വെച്ചൂർ മോഡേൺ റൈസ് മില്ലിലെ ആവശ്യത്തിലേക്കായി പ്രധാനമായും കുട്ടനാടൻ മേഖലയിലെ കർഷകരിൽ നിന്നാണ് സർക്കാരിന്റെ മിനിമം സപ്പോർട്ട് പ്രൈസ് പ്രകാരം നെല്ല് സംഭരിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ സമീപപ്രദേശങ്ങളിൽ നിന്നുള്ള കർഷകരിൽ നിന്നും അതോടൊപ്പം സീഡ് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നുമാണ് നെല്ല് സംഭരിക്കുന്നത്. |
| (സി) മോഡേൺ റൈസ് മിൽ വഴി ഉല്പാദിപ്പിക്കുന്ന അരി എത്രരൂപ നിരക്കിലാണ് പൊതുവിപണിയിൽ വിൽക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട അരി 27 രൂപയ്ക്കും വടി അരി 35 രൂപയ്ക്കും ആണ് ഇപ്പോൾ വില്ക്കുന്നത്. |

| | |
|---|---|
| (ഡി) ഏത് ഏജൻസിവഴിയാണ് മോഡേൺ റൈസ് മിൽ അരി വിൽപ്പന നടത്തുന്നത്;സപ്ലൈകോയ്ക്ക് അരി വിൽപന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) പൊതുവിപണിയിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയും അരി വില്പന നടത്തുന്നുണ്ട്.മോഡേൺ റൈസ് മില്ലിൽ. നിന്നും താഴെ പറയും പ്രകാരം അരി ഉഭയ കക്ഷി സമ്മത പ്രകാരം നിശ്ചയിച്ച വില അനുസരിച്ച് സപ്ലൈകോ വാങ്ങി വില്പന നടത്തിയിട്ടുണ്ട്.<br>2012 ജൂൺ - 300 ടൺ<br>2012 ഒക്ടോബർ - 60 ടൺ<br>2012 നവംബർ - 50 ടൺ<br>2012 ഡിസംബർ - 30 ടൺ |
| (ഇ) മോഡേൺ റൈസ് മില്ലിന്റെ അരിയുല്പാദനം ലാഭകരമാണോ എന്നും ഇതുവരെ എത്ര രൂപയുടെ ലാഭം റൈസ് മിൽ നേടി എന്നും വ്യക്തമാക്കുമോ; | (ഇ) മോഡേൺ റൈസ് മില്ലിന്റെ അരി ഉത്പാദനം ലാഭകരമാണ്. മില്ലിന്റെ കണക്കുകൾ പൂർത്തീകരിച്ചു വരുന്നതേയുള്ളു. ആയതിനാൽ ലാഭം ഇതുവരെയും തിട്ടപ്പെടുത്തിയിട്ടില്ല. |
| (എഫ്) മോഡേൺ റൈസ് മിൽ ഉല്പാദിപ്പിക്കുന്ന അരി എത്ര കിലോ വീതമുള്ള പായ്ക്കറ്റുകളിലാണ് വിൽപന നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) 5 കി.ഗ്രാം, 10 കി.ഗ്രാം, 50 കി.ഗ്രാം, 75 കി.ഗ്രാം, പായ്ക്കറ്റുകളിലാണ് വില്പന നടത്തുന്നത്. |

സെക്ഷൻ ഓഫീസർ